പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3779 — 17.10.2011- ലെ മറുപടി

## കുട്ടനാട്ടിലേക്കു പുതിയ ബസ് ഷെഡ്യൂളുകൾ

ചോദ്യം — ഉത്തരം

ശ്രീ. തോമസ് ചാണ്ടി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

<table>
<tr><td>(എ)</td><td>കുട്ടനാട്ടിലേക്കു പുതിയ ബസ് ഷെഡ്യൂളുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;</td><td rowspan="3">(എ) യും<br>(ബി) യും<br>(സി) യും</td><td rowspan="3">ബഹു. എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം ആലപ്പുഴ നിന്നും കൈനകരിക്ക് സർവ്വീസ് നടത്തിയിരുന്ന രണ്ട് ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് ആലപ്പുഴ - കോലത്ത് ജെട്ടി എന്ന രീതിയിൽ സർവ്വീസ് നടത്തിവരികയാണ്. കൈനകരി - വണ്ടാനം മെഡിക്കൽകോളേജ്, എടത്വ - തായങ്കേരി വഴി പുളിങ്കുന്ന് സർവ്വീസുകളെ സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതു കൊണ്ടാണ് സർവ്വീസുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകുവാൻ കഴിയാതിരിക്കുന്നത്. ആലപ്പുഴ നിന്നും ചങ്ങനാശ്ശേരി - വടക്കൻ വെളിയനാട് സർവ്വീസ് നിലവിൽ കൃത്യമായി ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. എന്നാൽ ബസ്സിന്റെ കുറവുമൂലം ആലപ്പുഴ - വെളിയനാട് എന്ന ഒരു സർവ്വീസ് നിർത്തിവെച്ചിരിക്കുകയാണ്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി സർവ്വീസ് പുനഃരാരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>കൈനകരി - വണ്ടാനം മെഡിക്കൽകോളേജ്, എടത്വ - തായങ്കേരി വഴി പുളിങ്കുന്ന്, ചങ്ങനാശ്ശേരി - വടക്കൻ വെളിയനാട് എന്നീ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;</td></tr>
<tr><td>(സി)</td><td>പുതിയ ബസ്സ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുമോ ?</td></tr>
</table>

സെക്ഷൻ ഓഫീസർ